**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 251 — 01.02.2023 ൽ മറുപടിക്ക്

## ഫയലുകൾ കാണാതായത് സംബന്ധിച്ച തുടർനടപടി

| | ചോദ്യം<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2021 നവംബർ മാസത്തിൽ ഹെൽത്ത് സർവീസ് ഡയറക്ടറേറ്റിൽ നിന്നും ഫയലുകൾ കാണാതായത് സംബന്ധിച്ച് പോലീസിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട്/അറിയിപ്പ് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ/ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തി തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ നൽകിയ മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ആരോഗ്യ വകുപ്പ് ആസ്ഥാനത്തുനിന്നും എത്ര ഫയലുകളാണ് മേൽപ്പറഞ്ഞ പ്രകാരം കാണാതായിട്ടുള്ളത്; ഏതൊക്കെ വിഷയങ്ങൾ സംബന്ധിച്ച ഫയലുകളാണ് കാണാതായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി)<br>(സി)<br>&<br>(ഡി) | പഴയ ചില ഫയലുകൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഫിസിക്കൽ ഫയലുകളുടെ പകർപ്പ് എടുത്ത് സൂക്ഷിക്കുന്ന രീതി പിൻതുടരുന്നില്ല. Stat2B, MSP(!), MSA, MSA(2) എന്നീ സെക്ഷനുകളിലെ ഫയലുകളാണ് പ്രധാനമായും നഷ്ടമായത്. നഷ്ടപ്പെട്ട ഫയലുകൾ കോവിഡ് കാല പർച്ചേസുകളുമായി |
| (സി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ | | |

| | | | |
|---|---|---|---|
| | കൈകാര്യം ചെയ്യുന്ന ഫയലുകൾ സംബന്ധിച്ച് വ്യക്തിഗത രജിസ്റ്ററുകൾ സൂക്ഷിക്കാറുണ്ടോ; എങ്കിൽ കാണാതായ ഫയലുകൾ ഡയറക്ടറേറ്റിലെ ഏതൊക്കെ സീറ്റുകളിൽ കൈകാര്യം ചെയ്തിരുന്നതാണ് എന്ന് സീറ്റ് തിരിച്ചും ഫയൽ നമ്പർ, വിഷയം എന്നിവ സഹിതവും വ്യക്തമാക്കുമോ; | | ബന്ധപ്പെട്ടവയല്ല. |
| (ഡി) | മേൽപ്പറഞ്ഞ പ്രകാരം നഷ്ടപ്പെട്ട ഫയലുകളിൽ കോവിഡ് കാല പർച്ചേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഫയലുകളാണ് ഇപ്രകാരം നഷ്ടപ്പെട്ടതെന്ന് വിഷയം തിരിച്ച് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ; | | |
| (ഇ) | ഫയലുകൾ കാണാതായത് സംബന്ധിച്ച വകുപ്പുതല അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഇത് സംബന്ധിച്ച ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ

No.107/IDPtn/2021/P1
കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി
തീയതി: 26.11.2021

പ്രേക്ഷിതൻ

സ്റ്റേഷൻ ഹൗസ് ഓഫീസർ,
കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി

സ്വീകർത്താവ്

ആരോഗ്യ വകുപ്പ് ഡയറക്ടർ,
ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളും അനുബന്ധ രേഖകളും നഷ്ടപ്പെട്ടത് സംബന്ധിച്ച്

സൂചന :- No. G9-70841/2021/TC Dtd. 15.11.2021

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

അങ്ങയുടെ ഓഫീസിൽ നിന്നും ബഹു: ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസ്, തിരുവനന്തപുരം സിറ്റിക്കു നൽകിയിരുന്ന പരാതി മേൽ സൂചന പ്രകാരം അയച്ചു കിട്ടിയിട്ടുള്ളതാണ്. ടി പരാതി സംഗതിയിൻമേൽ അന്വേഷണം നടത്തിയതിലും സംഭവ സ്ഥലം സന്ദർശിച്ചും ടി ഓഫീസിലെ Head clerk ആയിരുന്ന ശ്രീമതി. ഷീല, ബന്ധപ്പെട്ട സെക്ഷനുകളിലെ ക്ലാർക്കുമാരായ സന്ധ്യ വി . ആർ., ആൽബിൻ പി.ഒ., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് സജ്ജ, സെർജന്റ് ദമയൻ, നൈറ്റ് വാച്ചർമാരായ ജോർജ്ജ് തോമസ്, അജീഷ് കുമാർ, ഹൗസ് കീപ്പിംഗ് ഡ്യൂട്ടിയിലുള്ള ഓഫീസ് അറ്റന്റന്റ് സുരേഷ് കുമാർ പി.കെ. എന്നിവരെ കണ്ട് മൊഴി രേഖപ്പെടുത്തിയതിൽ നിന്നും ടി ഓഫീസ് കെട്ടിടത്തിൽ രണ്ട് പ്രവേശന കവാടങ്ങൾ ഉള്ളതും ഇരുപത്തി നാല് മണിക്കൂറും ചുമതലയുള്ളവർ ഉള്ളതുമായ താഴത്തെ നിലയിലെ ഓഫീസിൽ സൂക്ഷിച്ചിരുന്നതായി കാണപ്പെടുന്ന അലമാരകളിൽ നിന്നാണ് ഫയലുകൾ നഷ്ടപ്പെട്ടതെന്ന് ബോധ്യമായിട്ടുള്ളതും സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ അറിവോ സമ്മതമോ കൂടാതെ ഇത്തരത്തിൽ ഫയലുകൾ നഷ്ടപ്പെടാൻ സാധ്യതയില്ലായെന്നും, ആയതിൽ ബന്ധപ്പെട്ട ക്ലാർക്കുമാരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായും ബോധ്യമായിട്ടുള്ളതിനാൽ ഒരു വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്നും, പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ

ചെയ്ത് അന്വേഷണം നടത്തേണ്ട ആവശ്യമില്ലായെന്നും കൂടാതെ ഇത്തരത്തിലുള്ള സംഭവങ്ങൾ തുടർന്നും ഉണ്ടാകാതിരിക്കുന്നതിലേക്ക് ടി ഓഫീസ് കെട്ടിടത്തിൽ സുരക്ഷാ ക്യാമറകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ് എന്നുമുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

CANTONMENT POLICE STATION
THIRUVANANTHAPURAM CITY

വിശ്വസ്തതയോടെ

26/11/24

ഷാഫി. B. M
സ്റ്റേഷൻ ഹൗസ് ഓഫീസർ,
കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ.

Hari

സ്റ്റേഷൻ ഓഫീസർ